മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: നോട്ടീസ്സ് വേണം.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: അതു കഴിഞ്ഞിട്ടുണ്ടെങ്കിൽ, അവിടെയുള്ള കടികിട്ടപ്പുകാർ ഉടനെ ഇറങ്ങി പോകേണ്ടിവരികയില്ലെ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അതു വേണമെന്നില്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: അവിടെ എന്തു കോളേജാണ് സ്ഥാപിക്കാൻ പോകുന്നതു്? ആർട്ട്സ് കോളേജോ, ടെക്നോളജിക്കൽ കോളേജോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ആർട്ട്സ് കോളേജ്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: കൊച്ചീരാജ്യത്തെ സ്ഥിതിവെച്ചുകൊണ്ടു അവിടെ ഒരു ടെക്നോളജിക്കൽ കോളേജ് ഉണ്ടാക്കാൻ ശ്രമിക്കുന്നതോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഒരു പ്രൈവറ്റ് കോളേജാണു് അവിടെ സ്ഥാപിക്കാൻ പോകുന്നതു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: എന്നാലും അതിനു് അവരെ നിർബ്ബന്ധിക്കാൻ വിരോധമുണ്ടൊ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അവരോടു് ആവശ്യപ്പെടാൻ വിരോധമില്ല.

COMPLAINTS TO THE CRANGANUR POLICE INSPECTOR

185. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടു സദയം മറുപടി പറയുമൊ.—

(എ) കൊടുങ്ങല്ലൂരിൽ ഇപ്പോഴത്തെ പോലീസ് ഇൻസ്പെക്ടർ ചാർജ്ജെടുത്തതിനു ശേഷം അധഃകൃതർ സങ്കടക്കാരായി (Petitioners) അവരുടെ എത്ര പരാതികൾ ഇൻസ്പെക്ടരുടെ മുമ്പാകെ എത്തിയിട്ടുണ്ടു്;

(ബി) ഇതിൽ എത്ര എണ്ണത്തിൽ കേസ്സു ചാർജ്ജു ചെയ്തു;

(സി) എത്ര കേസ്സു ചാർജ്ജു ചെയ്യാതെതന്നെ പുള്ളികളെ വിട്ടയച്ചു;

(ഡി) ചാർജ്ജു ചെയ്തതിൽ എത്ര കേസ്സുകളിലെ പ്രതികളെ ശിക്ഷിച്ചു?

റാവുസാഹിബ്ബ് എ. മാധവപ്രഭു:

(എ) ക്ഷ.

(ബി) ഒ.

(ഡി) വ.

(ഡി) ക.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അഞ്ചുകേസ്സു് ചാർജ്ജു് ചെയ്തതിൽ ഒരെണ്ണമേ ശിക്ഷിച്ചിട്ടുള്ളു എന്നു് പറയുന്നു. ബാക്കി നാലെണ്ണം ഏതുനിലയിൽ ഇരിക്കുന്നു?

റാവുസാഹിബ്ബ് എ. മാധവപ്രഭു: നോട്ടീസ്സ് വേണം.

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: രണ്ടെണ്ണം തള്ളിയതായി ഇന്നു് അറിവായിട്ടുണ്ടു്.

മിസിസ്സ് കെ. എം. ആർ. മേനോൻ: കൊടുങ്ങല്ലൂരിൽ, ഒരു കാൺസ്റ്റബിൾ ഒരു സ്ത്രീയെ അടിച്ചതായി വല്ല ആവലാതിയും ഗവർമ്മെണ്ടിനു കിട്ടിയിട്ടുണ്ടോ?

റാവുസാഹിബ്ബ് എ. മാധവപ്രഭു: അറിയാൻ പാടില്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: ഈ കേസ്സു് ചാർജ്ജു് ചെയ്യാതെതന്നെ പുള്ളികളെ വിട്ടയച്ചു എന്നു് പറയുന്നുണ്ടു്; ഈ കേസും റഫർചെയ്ത എന്നാണു് ഇതിൽനിന്നും മനസ്സിലാക്കേണ്ടതു്. അങ്ങിനെയാണെങ്കിൽ വാസ്തവത്തിൽ അതു് മനഃപൂർവ്വം റഫർചെയ്തതല്ലേ?

റാവുസാഹിബ്ബ് എ. മാധവപ്രഭു: യാതൊരു മനപൂർവ്വവുമില്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: ക്ഷ കേസിൽ ഈ എണ്ണം റഫർചെയ്തപോയതു് വേണ്ടതരത്തിൽ പോലീസ്സുകാർ അന്വേഷണം നടത്താഞ്ഞിട്ടല്ലേ?

റാവുസാഹിബ്ബ് എ. മാധവപ്രഭു: പോലീസുകാർ വേണ്ടതരത്തിൽ അന്വേഷിച്ചു; പക്ഷെ തെളിവുകിട്ടിയില്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: അധഃകൃതമർദ്ദനങ്ങളെ സംബന്ധിച്ചുള്ള മിക്കകേസുകളും അവാസ്തവമാണെന്നാണോ ഗവർമ്മെണ്ടു വിചാരിക്കുന്നതു്?

റാവുസാഹിബ്ബ് എ. മാധവപ്രഭു: അല്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. കെ കണ്ണൻ: മിക്കകേസുകളും റഫർചെയ്യപോകുകയാണല്ലൊ ചെയ്യുന്നതു"?

റാവു സാഹിബു" എ. മാധവപ്രഭു: കള്ളക്കേസ്സു കൊണ്ടുവന്നാൽ അതല്ലാതെ വേറെ നിവർത്തിയില്ല.

മിസ്റ്റർ കെ. ഐ. വേലായുധൻ: പോലീസ്സ"ഇൻസ്പക്ടരുടെ അടുക്കൽ കൊണ്ടുചെന്നിട്ടു സഹികരിക്കാത്ത കേസ്സു", കോടതിയിൽ Private case ആയി കൊണ്ടുചെന്നിട്ടു" ശിക്ഷിച്ചിട്ടുള്ളതായി ഗവമ്മെണ്ടിന്നറിമോ?

റാവുസാഹിബു" എ. മാധവപ്രഭു: നോട്ടീസ്സു" വേണം.

മിസ്റ്റർ കെ. കെ. കണ്ണൻ: കൊടുങ്ങല്ലൂർ പോലീസ്സു" സ്റ്റേഷനിൽ ആവലാതി കൊണ്ടുചെന്നിട്ടു" യാതൊരു നടപടിയും എടുക്കാതെ ആവലാതിക്കാരെ മടക്കി അയച്ചിട്ടുള്ളതായി ഗവമ്മെണ്ടിനു" വല്ല ആക്ഷേപവും കിട്ടിയിട്ടുണ്ടോ?

റാവുസാഹിബു" എ. മാധവപ്രഭു: നോട്ടീസ്സുവേണം.

മിസ്റ്റർ പി. നാരായണമേനോൻ: ഫസ്റ്റ് പരാതികാരം ഇൻസ്പക്ടരുടെ അടുക്കൽ എത്തിയിട്ടുണ്ടെന്നു പറയുന്നു. ഇതെല്ലാം മർദ്ദനത്തെകുറിച്ചുള്ളതാണോ?

റാവുസാഹിബു" എ. മാധവപ്രഭു: തീച്ചപറയാൻ സാദ്ധ്യമല്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: ആവലാതി കിട്ടിയിട്ടു" പോലീസുകാർ നടപടി എടുത്തിട്ടില്ലായെന്നുള്ളതു" അന്വേഷണത്തിൽ ശരിയാണെന്നുവന്നാൽ അങ്ങിനെ ചെയ്യാതിരുന്ന പോലീസ്സുദ്യോഗസ്ഥന്റെപേരിൽ നടപടി നടത്താമോ?

റാവുസാഹിബു" എ. മാധവപ്രഭു: പോലീസ്സുകാർ നടപടി നടത്താഞ്ഞിട്ടാണെന്നു" അന്വേഷണത്തിൽ തെളിഞ്ഞാൽ അതിനെപ്പറ്റി ആക്ഷൻ എടുക്കാം.

CONTROL OF CERTAIN ARTICLES

186. മിസ്റ്റർ എം. കെ. വട്ടീസ": താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടു സദയം പറപടി പറയുമൊ.—

(എ) കൊച്ചിരാജ്യനിവാസികൾ ഉപയോഗിക്കുന്നതും ഇവിടെ ഇറക്കുമതി ചെയ്യുന്നതും വില വർദ്ധിച്ചുകൊണ്ടിരിക്കുന്നതൊ ക്രമാതീതമായി വർദ്ധിച്ചിട്ടുള്ളതൊ ആയ വില നിയന്ത്രിച്ചിട്ടില്ലാത്ത സാധനങ്ങളുടെ വില നിയന്ത്രിക്കണമെന്നു നമ്മുടെ ഗവമ്മെണ്ടു" ഇൻഡ്യാ ഗവമ്മെണ്ടിനോടു" ആവശ്യപ്പെടാവുണ്ടോ;

(ബി) ഉണ്ടെങ്കിൽ അങ്ങിനെയുള്ള ഏതെല്ലാം സാധനങ്ങളുടെ വില നിയന്ത്രിക്കണമെന്നു" ആവശ്യപ്പെട്ടു;

(സി) അവയിൽ ഏതെല്ലാം ഇൻഡ്യാഗവമ്മെണ്ടു" അംഗീകരിച്ചു ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) ഭക്ഷണക്ഷാമം തുടങ്ങിയ കാലത്തു" അരി, നെല്ലു", ഗോതമ്പു", ഉഴുന്നു", ചെറുപയറു", തുവരപ്പരിപ്പു", പഞ്ചസാര, ശർക്കര മുതലായ വളരെ അത്യാവശ്യമായ ഭക്ഷണസാധനങ്ങളുടെ വില നിയന്ത്രിക്കണമെന്നു" ആവശ്യപ്പെട്ടിട്ടുണ്ടു". അവയുടെ വില നിയന്ത്രിച്ചിട്ടുമുണ്ടു".

(ബി) & (സി) എ-ക്കുള്ള ഉത്തരം നോക്കുക.

മിസ്റ്റർ എം. കെ. വട്ടീസ": എ-ൽ പറയുന്ന ഏതെങ്കിലും സാധനത്തിന്റെ നിയന്ത്രണം നീക്കിയിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ബ്രിട്ടീഷിന്ത്യയിൽ ഗോതമ്പു", ഉഴുന്നു", ചെറുപയറു" മുതലായ സാധനങ്ങളുടെ കൺട്രോൾ നിലവിലുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉവ്വു".

LIBRARY ARCHIVES Kerala Legislative Assembly